Your favouritenewspaperat your fingertips
morning news daily
SUBSCRIBE, 9656571354

# ആദ്യം ഡിവോഴ്സ് പിന്നെ ജീവിതം

30



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

www.morningnewsdaily.org

വിവാഹം സ്വർഗത്തിൽ നടക്കുന്നു, ജീവിതമോ ഭൂമിയിലും! ഇന്നത്തെ പല വിവാഹങ്ങളും സ്വർഗ്ഗതുല്യമോ അതിനുമപ്പുറമോ ഉള്ള വേഷഭൂഷാദികളും, അലങ്കാരങ്ങളും, ആഘോഷങ്ങളും കൊണ്ട് നിറഞ്ഞവയാണ്. എന്നാൽ ആ ഒരു ദിവസത്തെ സ്വർഗീയമായ അനുഭൂതി ജീവിതകാലം മുഴുവനുമുണ്ടായില്ലെങ്കിലും കുറച്ചു വർഷങ്ങളെങ്കിലും നീണ്ടു നില്കാറുണ്ടോ എന്ന് സംശയം ആണ്.

നിങ്ങളുടെ വിവാഹസ്വപ്നങ്ങളെ എത്ര ശതമാനം പ്രായോഗികമാക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ട് എന്ന് ഒന്നവലോകനം ചെയ്യുന്നത് നന്നായിരിക്കും. ഞാൻ നിരവധി യുവതീയുവാക്കളെ വിവാഹ ജീവിതത്തിലേക്ക് ഒരുക്കി അയച്ചിട്ടുണ്ട്. അവരിൽ പലരും എന്നോട് മാര്യേജ് ആൻഡ് ഫാമിലി കോച്ചിങ്ങിൽ ചോദിക്കുന്ന ഒരു ചോദ്യമാണ് എങ്ങിനെ ഒരു വിവാഹ ജീവിതം വിജയകരമായി കൊണ്ടുപോകാം എന്നുള്ളത്. അപ്പോൾ ഞാനവർക്ക് കൊടുക്കുന്ന ചോദ്യം നിങ്ങളോടും ചോദിക്കാനാഗ്രഹിക്കുന്നു. ഒരു വിവാഹം വിജയകരമായി നടക്കാൻ എന്തൊക്കെ കാര്യങ്ങൾ ആവശ്യമായുണ്ട്. തീർച്ചയായും രണ്ട് ആരോഗ്യമുള്ള വ്യക്തികൾ വേണം. പിന്നെ എന്തൊക്കെ വേണം എന്ന് ചോദിക്കുമ്പോൾ എനിക്ക് കിട്ടിയിട്ടുള്ള ഉത്തരങ്ങൾ ഇവയാണ്. നിങ്ങൾക്ക് മറ്റെന്തെങ്കിലും ഉത്തരമുണ്ടെങ്കിൽ എന്നെ അറിയിക്കാവുന്നതാണ്.

1) നല്ല സ്നേഹമുള്ളയാളായിരിക്കണം.
2) കരുതലും, സുരക്ഷിതത്വവും നല്കുന്നവരായിരിക്കണം.
3) പരസ്പര വിശ്വാസം ഉണ്ടായിരിക്കണം.
4) പരസ്പരം സമയം നൽകണം.
5) വിദ്യഭ്യാസമുണ്ടായിരിക്കണം
6) നല്ല ജോലിയുണ്ടായിരിക്കണം
7) എന്നെ ജോലിക്കുപോകാൻ സമ്മതിക്കുന്നയാളായിരിക്കണം (സാധാരണയായി പെൺകുട്ടികൾ പറയുന്ന കാര്യം)
8) എന്റെ മാതാപിതാക്കളെ സ്നേഹിക്കണം
9) വീട്ടുകാരോട് സഹകരണം വേണം
10) എൻറ്റെ കൂട്ടുകാരെ അംഗീകരിക്കണം
11) വീട്ടുകാര്യം നോക്കണം (സാധാരണയായി ആൺകുട്ടികൾ പറയുന്ന കാര്യം)
12) ആവശ്യത്തിന് സ്വാതന്ത്ര്യം നൽകണം
13) എന്റെ സ്വകാര്യതയെ മാനിക്കണം
14) കുട്ടികൾ വേണ്ട (വളരെ കുറച്ചുപേർ മാത്രമേ അങ്ങിനെ പറഞ്ഞിട്ടുള്ളു കേട്ടോ )
15) എന്നെ വീട്ടുകാര്യങ്ങളിൽ സഹായിക്കണം (സാധാരണയായി പെൺകുട്ടികൾ പറയുന്ന കാര്യം)
16) വിലപിടിപ്പുള്ള സമ്മാനങ്ങൾ കിട്ടണം, അത് ചിലപ്പോൾ ഉന്നതപഠനത്തിനു വിദേശത്ത് പോകാനുള്ള സാമ്പത്തികവും ആകാം (സാധാരണയായി ആൺകുട്ടികൾ പറയുന്ന കാര്യം).
17) വിദേശരാജ്യത്തു പഠിച്ചവരായിരിക്കണം (സാധാരണയായി പെൺകുട്ടികൾ പറയുന്ന കാര്യം)
18) കേരളത്തിനു പുറത്തു പഠിച്ചവരായിരിക്കണം (സാധാരണയായി പെൺകുട്ടികൾ പറയുന്ന കാര്യം)

പിന്നെ വീട്, കാറ് അങ്ങിനെ അങ്ങിനെ എന്തൊക്കെ ഒരു വിവാഹം നടക്കാൻ തങ്ങൾക്ക് ആവശ്യമുള്ളതൊക്കെ അവർക്കറിയാം. എന്തൊക്കെയാണ് ഒരു നല്ല വിവാഹജീവിതത്തിന് അവർക്കു വേണ്ടത് എന്ന് ഓരോരുത്തരും മനസ്സിലാക്കിയിട്ടുണ്ട്. അതുപോലെതന്നെ എങ്ങിനെ അവർക്കു വേണ്ട ഒരാളെ തിരഞ്ഞെടുക്കണമെന്നും. ഇനിയാണ് ഏറ്റവും പ്രസക്തമായിട്ടുള്ള ചോദ്യം വരുന്നത്. ഒരു വിവാഹ മോചനത്തിലേക്കു നിങ്ങളെ നയിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ് എന്നതാണ് ആ ചോദ്യം.

പലപ്പോഴും അവരുടെ മറുപടി അങ്ങിനെ ഒരു കാര്യം ചിന്തിക്കാനേ പാടില്ല എന്നും അതല്ലെങ്കിൽ അതിനല്ലല്ലോ വിവാഹം കഴിക്കുന്നത് എന്നതായിരുന്നു. പക്ഷെ എന്തുകൊണ്ടാണ് പലരും ജീവിതത്തിൽ വിവാഹ മോചനം നേടുകയോ അല്ലെങ്കിൽ നേടാൻ ആഗ്രഹിക്കുകയോ ചെയ്യുന്നത്. വിവാഹ ജീവിതം നയിക്കുന്ന ദമ്പതികളിൽ ഒരു വലിയ ശതമാനവും ഒരിക്കലെങ്കിലും വിവാഹമോചനം നേടുന്നതിനെപ്പറ്റി ചിന്തിച്ചിട്ടുള്ളവരാകണം.

വിവാഹമെന്നത് അടുത്ത തലമുറയെ വാർത്തെടുക്കാനുള്ള ഒരു സിസ്റ്റത്തെ രൂപീകരിക്കലാണ്. നാം ആ സിസ്റ്റത്തെ കുടുംബം എന്ന് വിളിക്കുന്നു. കൂടുമ്പോൾ എല്ലാവർക്കും ഇമ്പമുണ്ടാകേണ്ട ഇടമാണ് കുടുംബം. ഇവിടുത്തെ ചോദ്യം ആര് അപ്രകാരം ഒരു ഇമ്പമുണ്ടാക്കും എന്നതാണ്. പലപ്പോഴും നാം ആ ഇമ്പമുണ്ടാക്കൽ ജോലി മറ്റുള്ളവരിലേക്ക് ഭരമേല്പിക്കുകയാണ് ചെയ്യാറുള്ളത്. എന്നിട്ട് ഇമ്പമുണ്ടാകുന്നില്ല എന്ന് പരാതിപ്പെട്ടു കൊണ്ടിരിക്കും. അനുകൂലമായവ നിങ്ങളും ചെയ്താലേ അല്ലെങ്കിൽ അനുകൂലമല്ലാത്ത കാര്യങ്ങൾ ചെയ്യാതിരുന്നാലെ ഇമ്പമുണ്ടാകൂ എന്ന് പലരും ചിന്തിക്കാറില്ല. അല്ലെങ്കിൽ ചെയ്യുന്നതെല്ലാം കുടുംബത്തിൽ ഇമ്പമുണ്ടാക്കുന്ന കാര്യങ്ങൾ ആണെന്നു സ്വയം വിശ്വസിച്ചു കൊണ്ടു സ്വയ ന്യായീകരണം നടത്തുന്നവരായിരിക്കും നിങ്ങൾ. കുടുംബത്തിന്റെ കെട്ടുറപ്പിനും, ആരോഗ്യകരമായ, സന്തോഷഭരിതമായ ജീവിതത്തിനും ഓരോരുത്തരുടെയും സഹകരണം ആവശ്യമാണ്. ചിലരുണ്ട് ഞാനിങ്ങനെയാണ്, ഇങ്ങനെ മാത്രമേ എനിക്ക് പെരുമാറാൻ സാധിക്കൂ, വേണമെങ്കിൽ നിങ്ങൾക്ക് സഹകരിക്കാം ഇല്ലെങ്കിൽ ഇട്ടേച്ചു പോകാം. അതിലും തനിക്കൊരു പങ്കുമില്ല എല്ലാം നിങ്ങളുടെ തീരുമാനം. ഇനിയും ചിലർ ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്ന മട്ടുകാരായിരിക്കും. സ്വന്തം ഉത്തരവാദിത്വങ്ങൾ ചെയ്യുക മാത്രം ചെയ്യുന്നവർ. അത് പലപ്പോഴും വീട്ടുകാര്യങ്ങൾ നോക്കുന്നതിലായിരിക്കും. ഞാനെന്റെ ജോലി നന്നായി ചെയ്യുന്നുണ്ട് അതിൽ വല്ല കുറവുമുണ്ടെങ്കിൽ പറയുക എന്ന മനോഭാവമുള്ളവർ. അല്ലാതെ അവരുടെ പെരുമാറ്റത്തിൽ ഇമ്പമുണ്ടോ എന്നൊക്കെ ചോദിച്ചാൽ ഒരു പിടിയുമില്ലാത്തവരാണിവർ.

വിവാഹ ജീവിതത്തിൽ ആത്മാവബോധമില്ലാതെയാണ് പലരും പെരുമാറുന്നത് കാണാറുള്ളത്. വിവാഹമെന്നത് ഒരു ഭാരിച്ച, വളരെ മാഹാത്മ്യവും, ഗാംഭീര്യവും, സുപ്രധാനവുമായ ഒരു കടമ ഏറ്റെടുക്കലാണ്. അതിനു വേണ്ടി നാം ഓരോരുത്തരും ഒരുങ്ങേണ്ടതുണ്ട്. ഒരു ജോലി കിട്ടാൻ നാം വളരെയേറെ നമ്മെ ഒരുക്കുന്നവരാണ് എന്നാൽ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ജോലി ഏറ്റെടുക്കാൻ നാമൊട്ടും ഒരുങ്ങാറില്ലെന്നു മാത്രമല്ല അതിനെ നിസ്സാരവൽക്കരിച്ചു കാണുക കൂടി ചെയ്യുന്നത് ദയനീയമാണ്. വിവാഹ ജീവിതത്തിനൊരുങ്ങുമ്പോൾ വളരെയേറെ കാര്യങ്ങൾ മനസ്സിലാക്കാനുണ്ട്. കഴിഞ്ഞയാഴ്ച്ച എന്റെ യൂട്യൂബിലെ ഹ്യൂമൻ സെക്ഷ്വൽ ബിഹേവിയർ സീരീസ് കണ്ടിട്ട് ഒരാൾ പറഞ്ഞു ഇതൊക്കെ വിവാഹത്തിന് മുൻപ് അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന്. ഇതൊക്കെയാണ് പഠിക്കേണ്ടത് അല്ലാതെ കുറെ ആർഭാടവും പണവും സ്വർണവുമൊന്നും നല്ലൊരു വിവാഹ ജീവിതം സാധ്യമാക്കുകയില്ല എന്ന്.




അദ്ദേഹത്തോട് എനിക്കു പറയാനുണ്ടായിരുന്നത് ചില മാതാപിതാക്കൾ എന്നോട് പറഞ്ഞ വാക്കുകളായിരുന്നു. വിവാഹത്തിനുള്ള പ്രിപറേഷൻ കോച്ചിങ്ങിനായി അവരുടെ മക്കൾ ചോദിച്ചപ്പോൾ അവർ പറഞ്ഞത് ആ പൈസയുണ്ടെങ്കിൽ രണ്ടു പവൻ സ്വർണ്ണം വാങ്ങാമെന്നായിരുന്നു എന്നാണ്.

വിവാഹത്തിനൊരുങ്ങുന്നവരോട് ഞാൻ പറയുക ആദ്യം ഡിവോഴ്സ് പിന്നെ വിവാഹം എന്നാണ്. അതായതു എന്തൊക്കെ നിങ്ങൾ ഒരു മനോഹരമായ ആരോഗ്യപരമായ വിവാഹബന്ധിതനാവശ്യമെന്നു കരുതുന്നുവോ അതുപോലെ തന്നെ എന്തെല്ലാം ഒരു ഡിവോഴ്സിനാവശ്യമായ ഘടകങ്ങളെന്ത് എന്ന് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. അത് വിവാഹത്തിന് സമ്മതമറിയിക്കുന്നതിന് മുമ്പ് വിശകലനം ചെയ്തിരിക്കേണ്ടതായ വസ്തുതയാണ്. സാധാരണ എന്ത് സംരംഭം ആരംഭിക്കുന്നതിനു മുമ്പും ഒരു വേഴ്സ്റ്റ് കേസ് സിനാരിയോ അനലൈസ് ചെയ്യുക നിർബന്ധമായും ചെയ്തിരിക്കേണ്ട ഒന്നാണ്. എങ്കിലേ വരാവുന്ന അപായ സാധ്യതകളെ വിലയിരുത്തി അവയെ ഏറ്റെടുക്കാൻ നിങ്ങൾക്ക് സാധിക്കുമോ, അല്ലെങ്കിൽ അത് നിങ്ങൾക്ക് കാര്യമായ പ്രശ്നങ്ങളുണ്ടാക്കുമോ ഇല്ലയോ എന്നുമൊക്കെ അറിയുവാൻ സാധിക്കൂ. വിവാഹത്തിന്റെ ഏറ്റവും അപായകരമായ ഒരു അവസ്ഥയാണ് ഡിവോഴ്സ്. അതുകൊണ്ടുതന്നെ വിവാഹത്തിനുള്ള തീരുമാനമെടുക്കുന്നതിന് മുമ്പ് ആ ബന്ധത്തിൽ ഏതെങ്കിലും വിധത്തിലുള്ള ഡിവോഴ്സിന് അനുകൂലമായ എന്തെങ്കിലും ഉണ്ടോ എന്ന് തിരയുന്നത് നന്നായിരിക്കും. അത് നിങ്ങളെ കലർപ്പില്ലാത്ത ഒരു ബന്ധത്തിലേക്ക് നയിക്കും.

ആയിരം കള്ളം പറഞ്ഞും ഒരു കല്യാണം നടത്താമെന്നുള്ളത് ഇന്നത്തെ കാലത്ത് നടപ്പുള്ള കാര്യമല്ല എന്നത് നാമെല്ലാം മനസ്സിലാക്കണം. പണ്ട് വിവാഹമെന്നത് ഒരു നിയോഗമാണ് എന്ന് കരുതിയാണ് ജീവിച്ചിരുന്നത്. എന്നാൽ ഇന്ന് അത് രണ്ടു വ്യക്തികളുടെ അല്ലെങ്കിൽ കുടുംബങ്ങളുടെ തീരുമാനമായിട്ടാണ് കരുതപ്പെടുന്നത്.

നിയോഗമെന്നതിൽ തിരുത്തൽ സാധ്യമാകുകയില്ല എന്നാൽ തീരുമാനങ്ങളെ തിരുത്താൻ സാധ്യമാണ്. അതുകൊണ്ടു തന്നെ വിവാഹ ജീവിതത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ പഴയ കാലത്തെപ്പോലെ എന്തൊക്കെ നന്മയുണ്ടെന്നുള്ളത് മാത്രം വിശകലനം ചെയ്യുന്നതിന് മുമ്പ് എന്തൊക്കെ മോശമായ, വിഷമകരമായ കാര്യങ്ങൾ നിങ്ങളുടെ ബന്ധത്തിൽ വരാമെന്ന് ആദ്യം നോക്കേണ്ടത് ആവശ്യമാണ്.

എന്നിട്ടു മാത്രമേ ഒരു ബന്ധത്തിന് മുതിരാവൂ. അങ്ങിനെയെങ്കിൽ വിവാഹമോചനത്തിൻറ്റെ നിരക്ക് ഒരു പരിധിവരെ നമ്മുക്ക് നിയന്ത്രിക്കാൻ സാധിക്കും. അതുപോലെതന്നെ ആദ്യമേ മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങളെ വിവാഹശേഷം നന്നായി കൈകാര്യം ചെയ്യാനും നാം പ്രാപ്തരാകും. അതുകൊണ്ടു തന്നെ കുടുംബ ജീവിതം പ്രശ്നങ്ങൾ നേരിട്ടാലും ഇമ്പമായിട്ടു കൊണ്ടുപോകാൻ നിങ്ങൾക്കു സാധിക്കും.

9656571354
Publish your Ad in
morning news daily
Malayalam News Paper
